**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5734** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാക്കനാട് ഫ്ലാറ്റിലുണ്ടായ ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നഗരസഭയിൽ ഉൾപ്പെടുന്ന കാക്കനാട് ഫ്ലാറ്റ് സമുച്ചയത്തിലെ താമസക്കാർക്ക് ഛർദ്ദിയും വയറിളക്കവും ഉണ്ടായ സാഹചര്യത്തെപ്പറ്റി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത രോഗബാധയുടെ യഥാർത്ഥ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും പകരുന്ന ആസ്ട്രോ, റോട്ട എന്നീ വൈറസുകളുടെ സാന്നിധ്യമാണ് രോഗകാരണമായത് എന്നാണു വിലയിരുത്തിയിട്ടുള്ളത്.<br><br>ഫ്ലാറ്റിലെ വിവിധ ബ്ലോക്കുകളിൽ നിന്നും പരിശോധനയ്ക്ക് വിധേയമാക്കിയിരുന്ന കുടിവെള്ള സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം കണ്ടെത്തിയിരുന്നു. ഓവർ ഹെഡ് ടാങ്കുകളിലെയും, ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുമുള്ള ടാങ്കുകളിലെയും ശുചീകരണവും ക്ലോറിനേഷനും ശരിയായ രീതിയിൽ നടത്തിയിരുന്നില്ലായെന്നും കണ്ടെത്തിയിരുന്നു.<br><br>രോഗബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായും ഫ്ലാറ്റിലെ ഉത്തരവാദിത്തപ്പെട്ടവരുമായും സഹകരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പു വരുത്തുന്നു.<br><br>• ജലസ്രോതസ്സുകളും ജല സംഭരണികളും കൃത്യമായ ഇടവേളകളിൽ അണു നശീകരണം നടത്തുന്നു.<br>• വെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഓരോ ദിവസവും നടത്തുന്നു, കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നു. |

| | | | |
|---|---|---|---|
| | | | <ul><li>ആറ് മാസത്തിലൊരിക്കൽ വെള്ളത്തിന്റെ ബാക്ടീരിയോളജിക്കൽ, കെമിക്കൽ പരിശോധന നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.</li><li>ഒരു മെഡിക്കൽ ടീമിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.</li><li>കാക്കനാട് ഡി.എൽ. എഫ് ഫ്ലാറ്റിൽ വയറിളക്കരോഗ ബാധയെ തുടർന്ന് പകർച്ചവ്യാധികൾക്ക് കാരണമാകുന്ന സാഹചര്യങ്ങൾക്കിടയാക്കിയ കാരണത്താൽ കേരള പൊതുജനാരോഗ്യ നിയമം 2023, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കാക്കനാട് പൊതുജനാരോഗ്യ അധികാരിയായ മെഡിക്കൽ ഓഫീസർ ഫ്ലാറ്റ് അസോസിയേഷന് നോട്ടീസ് നൽകിയിട്ടുണ്ട്.</li><li>ആരോഗ്യ വകുപ്പ് വിവിധ ഫ്ളാറ്റുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിശ്ചിത സാമ്പിളുകൾ രണ്ട് നേരം പരിശോധിച്ച് ക്ലോറിന്റെ അളവ് വിലയിരുത്തിയിട്ടുണ്ട്.</li><li>ORS/Zinc Supplements വിതരണം ചെയ്തിട്ടുണ്ട്. Filtered/ RO treated വെള്ളമാണെങ്കിലും കുടിവെള്ളത്തിനായി തിളപ്പിച്ച വെള്ളം മാത്രം ഉപയോഗിക്കാൻ എല്ലാ നിവാസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.</li><li>IEC ബോധവത്കരണ സന്ദേശങ്ങൾ ഫ്ലാറ്റ് നിവാസികൾക്കായി നല്കി വരുന്നു.</li><li>ഭാവിയിൽ ഇത്തരത്തിലുള്ള രോഗബാധ സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ, സർക്കാർ മെഡിക്കൽ കോളേജ് കളമശ്ശേരിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി സഹകരിച്ച് SOP തയ്യാറാക്കിയിട്ടുണ്ട്.</li></ul> |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും പകരുന്ന ആസ്ട്രോ, റോട്ട എന്നീ വൈറസുകളുടെ സാന്നിധ്യമാണ് രോഗകാരണമായത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്.<br><br>ഫ്ലാറ്റിലെ വിവിധ ബ്ലോക്കുകളിൽ നിന്നും പരിശോധനയ്ക്ക് വിധേയമാക്കിയിരുന്ന കുടിവെള്ള സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാന്നിധ്യം കണ്ടെത്തിയിരുന്നു. ഓവർ ഹെഡ് ടാങ്കുകളിലെയും, ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുമുള്ള |

ടാങ്കുകളിലെയും ശുചീകരണവും ക്ലോറിനേഷനും ശരിയായ രീതിയിൽ നടത്തിയിരുന്നില്ലായെന്നും കണ്ടെത്തിയിരുന്നു.

രോഗബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായും ഫ്ലാറ്റിലെ ഉത്തരവാദിത്തപ്പെട്ടവരുമായും സഹകരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പു വരുത്തുന്നു.

- ജലസ്രോതസ്സുകളും ജല സംഭരണികളും കൃത്യമായ ഇടവേളകളിൽ അണു നശീകരണം നടത്തുന്നു.
- വെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഓരോദിവസവും നടത്തുന്നു, കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നു.
- ആറ് മാസത്തിലൊരിക്കൽ വെള്ളത്തിന്റെ ബാക്ടീരിയോളജിക്കൽ, കെമിക്കൽ പരിശോധന നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
- ഒരു മെഡിക്കൽ ടീമിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.
- കാക്കനാട് ഡി.എൽ. എഫ് ഫ്ലാറ്റിൽ വയറിളക്കരോഗ ബാധയെ തുടർന്ന് പകർച്ചവ്യാധികൾക്ക് കാരണമാകുന്ന സാഹചര്യങ്ങൾക്കിടയാക്കിയ കാരണത്താൽ കേരള പൊതുജനാരോഗ്യ നിയമം 2023, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കാക്കനാട് പൊതുജനാരോഗ്യ അധികാരിയായ മെഡിക്കൽ ഓഫീസർ ഫ്ലാറ്റ് അസോസിയേഷന് നോട്ടീസ് നൽകിയിട്ടുണ്ട്.
- ആരോഗ്യ വകുപ്പ് വിവിധ ഫ്ളാറ്റുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിശ്ചിത സാമ്പിളുകൾ രണ്ട് നേരം പരിശോധിച്ച് ക്ലോറിന്റെ അളവ് വിലയിരുത്തിയിട്ടുണ്ട്.
- ORS/Zinc Supplements വിതരണം ചെയ്തിട്ടുണ്ട്. Filtered/ RO treated വെള്ളമാണെങ്കിലും കുടിവെള്ളത്തിനായി തിളപ്പിച്ച വെള്ളം മാത്രം ഉപയോഗിക്കാൻ എല്ലാ നിവാസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
- IEC ബോധവത്കരണ സന്ദേശങ്ങൾ ഫ്ലാറ്റ് നിവാസികൾക്കായി നല്കി വരുന്നു.
- ഭാവിയിൽ ഇത്തരത്തിലുള്ള രോഗബാധ സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ മെഡിക്കൽ

| | | | |
|---|---|---|---|
| | | | ഓഫീസർ, സർക്കാർ മെഡിക്കൽ കോളേജ് കളമശ്ശേരിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി സഹകരിച്ച് SOP തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ